REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-03-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യ- ജപ്പാൻ സാമ്പത്തിക സഹകരണം ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, ജപ്പാൻ ഉന്നതതല പ്രതിനിധി സംഘവുമായി ചർച്ച നടത്തി.**
- **രാജ്യ സുരക്ഷയ്ക്ക് ഭീഷണിയാകുന്നവരെ ഇന്ത്യയിൽ പ്രവേശിക്കാൻ അനുവദിക്കില്ലെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **സംസ്ഥാനത്തെ അധ്യാപകരുടേയും ജീവനക്കാരുടേയും അടുത്ത സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യം PF-ൽ ലയിപ്പിക്കാൻ ഉത്തരവിറങ്ങി.**
- **BJP സംസ്ഥാന കോർ കമ്മിറ്റി യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു.**
- **IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയും ജപ്പാനും സാമ്പത്തിക സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദി, ജപ്പാൻ അസോസിയേഷൻ ഓഫ് കോർപ്പറേറ്റ് എക്സിക്യൂട്ടീവുകളുടെ ഉന്നതതല പ്രതിനിധി സംഘവുമായി, ന്യൂഡൽഹിയിൽ ചർച്ച നടത്തി. ഉഭയകക്ഷി വ്യാപാരം നിക്ഷേപ അവസരങ്ങൾ, കൃഷി, സമുദ്രോൽപ്പന്നങ്ങൾ, ബഹിരാകാശം, പ്രതിരോധം, ഇൻഷുറൻസ്, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, സിവിൽ ഏവിയേഷൻ, ശുദ്ധ ഊർജ്ജം, ആണവോർജം, MSME പങ്കാളിത്തം തുടങ്ങിയ പ്രധാന

മേഖലകളിലെ സഹകരണം വളർത്തുക തുടങ്ങിയവയായിരുന്നു ചർച്ചാവിഷയം.

✪✪✪

രാജ്യ സുരക്ഷയ്ക്ക് ഭീഷണിയാകുന്നവരെ ഇന്ത്യയിൽ പ്രവേശിക്കാൻ അനുവദിക്കില്ലെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. 2025-ലെ ഇമിഗ്രേഷൻ ആന്റ് ഫോറിനേഴ്സ് ബില്ലിനെ കുറിച്ച് പാർലമെന്റിൽ ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്........

റോഹിംങ്ക്യകളോ, ബംഗ്ലാദേശികളോ രാജ്യത്ത് അസ്വസ്ഥത സൃഷ്ടിക്കാൻ എത്തിയാൽ അവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് അമിത് ഷാ വ്യക്തമാക്കി. ആർക്കും യഥേഷ്ടം താമസിക്കാൻ കഴിയുന്ന പൊതു വിശ്രമ കേന്ദ്രമല്ല ഇന്ത്യയെന്നും ആഭ്യന്തര മന്ത്രി പറഞ്ഞു. ആരാണ് രാജ്യത്ത് പ്രവേശിക്കുന്നതെന്നും എത്ര കാലത്തേക്ക്, എന്ത് കാരണംകൊണ്ടാണ് അവർ എത്തുന്നതെന്ന് പരിശോധിക്കാൻ ഗവൺമെന്റിന് ഉത്തരവാദിത്തമുണ്ടെന്നും അമിത് ഷാ വിശദീകരിച്ചു. ഈ ആശയങ്ങൾ പുതിയതല്ലെന്നും ഇത്തരം അവകാശങ്ങൾ വിവിധ നിയമങ്ങളിൽ പരാമർശിച്ചിട്ടുണ്ടെന്നും കേന്ദ്രം ഇപ്പോൾ അവയെ സംയോജിപ്പിക്കുകയാണ് ചെയ്യുന്നതെന്നും ആഭ്യന്തരമന്ത്രി പറഞ്ഞു. രാജ്യത്ത് പ്രവേശിക്കുന്ന ഓരോ വിദേശിയേയും കണ്ടെത്താൻ വിശദവും ഘടനാപരവുമായ സംവിധാനം കേന്ദ്രം കൊണ്ടുവരുമെന്നും ഇത് രാജ്യത്തിന്റെ വികസനത്തിന് സഹായകമാകുമെന്നും അമിത് ഷാ വ്യക്തമാക്കി.

✪✪✪

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് കേന്ദ്രം ഫണ്ട് വെട്ടിക്കുറച്ചെന്ന ആരോപണം ധനമന്ത്രി നിർമല സീതാരാമൻ രാജ്യസഭയിൽ നിഷേധിച്ചു. കേരളത്തിനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചത് LDF-ന്റേയും UDF-ന്റേയും വീണ്ടുവിചാരമില്ലാത്ത നടപടികളാണെന്ന് അവർ രാജ്യസഭാ ചർച്ചയ്ക്കിടെ പറഞ്ഞു.

✪✪✪

ഡൽഹി ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ബംഗ്ലാവിൽ നിന്ന് കത്തിനശിച്ച പണം കണ്ടെത്തിയ സംഭവത്തിൽ അടിയന്തര നടപടിയും സമഗ്രാന്വേഷണവും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സുപ്രീം കോടതി ഇന്ന്

പരിഗണിക്കും. ജസ്റ്റിസുമാരായ അഭയ് S. ഓക, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

✪✪✪

ISRO, സ്പേസ് ഡോക്കിംഗ് ദൗത്യത്തിന്റെ ഭാഗമായ റോളിംഗ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയതായി ISRO ചെയർമാൻ V നാരായണൻ അറിയിച്ചു. ചന്ദ്രയാൻ-4 പോലെ ഭാവി ദൗത്യങ്ങൾക്ക് ഈ പരീക്ഷണം വിലപ്പെട്ട വിവരങ്ങൾ നൽകുകയും, സോഫ്റ്റ്‌വെയറുകളുടെയും ഗ്രൗണ്ട് സ്റ്റേഷന്റെയും നിയന്ത്രണങ്ങൾ സാധൂകരിക്കാൻ ISROയെ സഹായിക്കുകയും ചെയ്യും. നേരത്തെ, SpaDEX ദൗത്യത്തിന്റെ ഭാഗമായി രണ്ട് ഉപഗ്രഹങ്ങളുടെ അൺഡോക്കിംഗ് ISRO വിജയകരമായി പൂർത്തിയാക്കിയിരുന്നു.

✪✪✪

പ്രധാനമന്ത്രിയുടെ രാഷ്ട്രീയ ബാല പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ധീരതയ്ക്ക് പുറമെ സ്പോർട്സ്, സാമൂഹ്യ സേവനം, ശാസ്ത്ര സാങ്കേതിക രംഗം, പരിസ്ഥിതി, കല, സംസ്കാരം തുടങ്ങിയ മേഖലകളിൽ അസാമാന്യ കഴിവ് പ്രകടിപ്പിച്ച അഞ്ചിനും 18നും ഇടയിൽ പ്രായക്കാർക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. ഏപ്രിൽ ഒന്ന് മുതൽ ജൂലൈ 31 വരെ ദേശീയ അവാർഡ് പോർട്ടലിൽ ഇതിന് അപേക്ഷിക്കാം.

✪✪✪

കൊൽക്കത്ത RG കർ മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടറുടെ ബലാത്സംഗ കൊലക്കേസിൽ CBI കൽക്കട്ട ഹൈക്കോടതിയിൽ ഇന്ന് കേസ് ഡയറി സമർപ്പിക്കും. ഈ മാസം ആദ്യം സുപ്രീംകോടതി വാദം കേൾക്കാൻ അനുമതി നൽകിയതോടെയാണ് കേസ് വീണ്ടും പരിഗണിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ അധ്യാപകരുടേയും ജീവനക്കാരുടേയും അടുത്ത സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാൻ അനുവദിച്ച് ഗവൺമെന്റ് ഉത്തരവിറക്കി. ഏപ്രിൽ ഒന്നുമുതൽ ലീവ് സറണ്ടർ ആനുകൂല്യം ലഭ്യമാകും. എന്നാൽ നാല് വർഷത്തിന് ശേഷം മാത്രമേ പ്രൊവിഡന്റ് ഫണ്ടിൽ നിന്ന് തുക പിൻവലിക്കാൻ കഴിയൂ. PF അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്ക് ഏപ്രിൽ മുതൽ തുക പണമായി നൽകുമെന്നും ഉത്തരവിൽ പറയുന്നു.

✪✪✪

കേരളത്തിലെ 82 ശതമാനം പൊതുജലാശയങ്ങളിലും 78 ശതമാനം കിണറുകളിലും കോളിഫോം ബാക്ടീരിയ സാന്നിദ്ധ്യം അപകടകരമായ അളവിലാണെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. പുഴകളിലും കായലിലും വ്യാപകമായി മനുഷ്യ വിസർജ്ജ്യം തള്ളുന്നതുകൊണ്ടാണ് കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിക്കുന്നതെന്ന് തിരുവനന്തപുരത്ത് ശുചിത്വ മിഷനും കേരള പത്രപ്രവർത്തക യൂണിയനും ചേർന്ന് സംഘടിപ്പിച്ച മാധ്യമ ശില്പശാല ഉദ്ഘാടനം ചെയ്യവേ മന്ത്രി MB രാജേഷ് പറഞ്ഞു. തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ പഠനത്തിലാണ് കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം സംബന്ധിച്ച ഞെട്ടിപ്പിക്കുന്ന കണ്ടെത്തലുണ്ടായത്.

✪✪✪

മുൻ മന്ത്രി PK ശ്രീമതിക്കെതിരായ പരാമർശത്തിന്റെ പേരിൽ, അവരുടെ അഭിഭാഷകനുമായി ചർച്ച നടത്തിയാണ് കേസ് ഒത്തുതീർക്കാൻ തയ്യാറായതെന്ന് BJP നേതാവ് B ഗോപാലകൃഷ്ണൻ തൃശൂരിൽ പറഞ്ഞു. അന്തരിച്ച MLA പിടി തോമസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങളാണ് ചാനൽ ചർച്ചയിൽ ഉന്നയിച്ചതെന്ന് ഗോപാലകൃഷ്ണൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാന ഗവൺമെന്റ്, പദ്ധതി റിപ്പോർട്ട് സമർപ്പിച്ചാൽ അഷ്ടമുടി, ശാസ്താം കോട്ട, വേമ്പനാട് കായലുകളുടെ പുനരുജ്ജീവനം പരിഗണിക്കാമെന്ന് കേന്ദ്ര ജൽശക്തി മന്ത്രി CR പാട്ടീൽ ലോക്സഭയിൽ NK പ്രേമചന്ദ്രൻ MP യെ അറിയിച്ചു. റാംസർ സൈറ്റുകളായ ഈ കായലുകൾ, മലിനീകരണം മൂലം പ്രതിസന്ധി നേരിടുകയാണെന്നും അവയുടെ ശുദ്ധീകരണത്തിനും സംരക്ഷണത്തിനും നടപടിയെടുക്കണമെന്നും പ്രേമചന്ദ്രൻ ആവശ്യപ്പെട്ടിരുന്നു.

✪✪✪

വേനൽച്ചൂട് ശക്തമാകുന്ന സാഹചര്യത്തിൽ, കൊടും ചൂടും ഉഷ്ണ തരംഗവും നേരിടാൻ സജ്ജമാകണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. ആരോഗ്യ കേന്ദ്രങ്ങളിൽ കുടിവെള്ളം ഉറപ്പാക്കണമെന്നും, തീപിടിത്തമുണ്ടായാൽ നേരിടാൻ സംവിധാനമൊരുക്കണമെന്നും മുന്നറിയിപ്പ് നൽകിയിട്ടിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം ശ്രീരാമകൃഷ്ണാശ്രമം ശതാബ്ദിയുടെ ഭാഗമായി പണിത, ശ്രീശാരദ കോളേജ് ഓഫ് നഴ്സിങ്ങിന്റെ പുതിയ മന്ദിരം തിങ്കളാഴ്ച ഉദ്ഘാടനം

ചെയ്യും. ഉദ്ഘാടന സമ്മേളനത്തിൽ ശ്രീരാമകൃഷ്ണാശ്രമം ആഗോളാധ്യക്ഷൻ സ്വാമി ഗൗതമാനന്ദജി മഹാരാജ്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര മന്ത്രി JP നദ്ദ, ഡോ. ശശി തരൂർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

BJP സംസ്ഥാന കോർ കമ്മിറ്റി യോഗം സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ചു. തദ്ദേശ ഭരണ തിരഞ്ഞെടുപ്പ് ഉൾപ്പെടെ വിവിധ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

മലപ്പുറം തിരൂരിൽ 141 ഗ്രാമിലേറെ MDMA യുമായി മൂന്ന് പേർ അറസ്റ്റിലായി. പെരിന്തൽമണ്ണ സ്വദേശി ഹൈദർ അലി, വേങ്ങര സ്വദേശികളായ അസൈനാർ, മുഹമ്മദ് കബീർ എന്നിവരാണ് തിരൂരിൽ റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്ന് പൊലീസിന്റെ പിടിയിലായത്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പൊലീസ്  പരിശോധന.

✪✪✪

തൃശൂരിൽ  100 ഗ്രാം MDMA യുമായി ഒരാൾ പിടിയിലായി. അമ്മാടം സ്വദേശി കൈലാസിനെയാണ് പേരാമംഗലം പൊലീസ് അറസ്റ്റ് ചെയ്തത്. ബംഗളൂരുവിൽ നിന്ന് MDMA കടത്തുന്നുവെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന.

✪✪✪

സംസ്ഥാനത്ത് ആശാവർക്കർമാരുടെ സമരം 47-ാം ദിവസത്തിലേക്ക് കടന്നു. സെക്രട്ടറിയേറ്റ് പടിക്കൽ ആശമാർ നടത്തുന്ന നിരാഹാര സമരം ഇന്ന് ഒൻപതാം ദിവസമാണ്.

✪✪✪

ആശാവർക്കർമാരുടെ അനിശ്ചിതകാല സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച്, കോഴിക്കോട് കിഡ്സൺ കോർണറിൽ വൈകിട്ട് യോഗം ചേരും. നടൻ ജോയ് മാത്യു, ഡോ: ഖദീജ മുംതാസ്, K. അജിത, ഡോ. ആസാദ്, NP ചെക്കൂട്ടി, VP സുഹറ തുടങിയവർ പങ്കെടുക്കും.

✪✪✪

കേരള സർവ്വകലാശാല സംഘടിപ്പിക്കുന്ന ഭരത് മുരളി നാടകോത്സവത്തിന്റെ രണ്ടാം പതിപ്പിന് തിരുവനന്തപുരത്ത് തിരശീല ഉയർന്നു. പാളയം സെനറ്റ് ഹാളിൽ മന്ത്രി KN ബാലഗോപാൽ നാടകോത്സവം ഉദ്ഘാടനം ചെയ്തു.

ഇന്ന് വൈകിട്ട് 'നൂറു ശതമാനം സിന്ദാബാദ് ', 'കാണ്മാനില്ല', 'വാഴ്‌വേമായം' തുടങ്ങിയ നാടകങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ദേവികുളം സാഹസിക അക്കാദമിയുടെ പുതിയ മന്ദിര നിർമ്മാണത്തിന് തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

........വോയ്സ്.....

അക്കാദമിക്ക് സ്വന്തമായുള്ള ഒരേക്കർ സ്ഥലത്ത് 9.63 കോടി രൂപ ചെലവഴിച്ച് നൂറ് പേർക്ക് താമസം, പരിശീലനത്തിനുള്ള സൗകര്യം, ആംഫി തിയറ്റർ, കോൺഫറൻസ് ഹാൾ, ഡൈനിങ് ഹാൾ, വിഐപി മുറികൾ, ആധുനിക രീതിയിലുള്ള ശുചിമുറികൾ, ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറികൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ കെട്ടിടമാണ് പുതുതായി നിർമ്മിക്കുന്നത്. തീരദേശ വികസന അതോറിറ്റിക്കാണ് നിർമ്മാണ ചുമതല. ദേവികുളത്ത് നിലവിലുള്ള അക്കാദമിയിലെ പരിശീലനത്തിനുള്ള സൗകര്യക്കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ സാഹസിക അക്കാദമി നിർമ്മിക്കുന്നത്. സാഹസികത ഇഷ്ടപ്പെടുന്ന യുവജനങ്ങൾക്ക് ശാസ്ത്രീയമായി പരിശീലനം നൽകി സമൂഹനന്മക്ക് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സാഹസിക അക്കാദമിയുടേത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകീട്ട് 7.30 ന് ചെന്നൈയിലാണ് മത്സരം.

✪✪✪

രാജ്യന്തര ബാസ്ക്കറ്റ് ബോൾ സംഘടനയായ ഫിബയുടെ 3X3 ഏഷ്യാകപ്പ് ഫൈനൽ റൗണ്ടിലേക്ക് ഇന്ത്യൻ പുരുഷ ടീം യോഗ്യത നേടി. തുടർച്ചയായി മൂന്ന് മത്സരങ്ങൾ ജയിച്ചാണ് ഇന്ത്യ ഈ നേട്ടം സ്വന്തമാക്കിയത്.

✪✪✪

വയനാട് MP പ്രിയങ്ക ഗാന്ധിയുടെ, മണ്ഡലത്തിലെ രണ്ടാം ദിവസത്തെ സന്ദർശനം തുടങ്ങി. രാവിലെ തലപ്പുഴയിൽ തവിഞ്ഞാൽ പഞ്ചായത്തിന്റെ മോഡൽ അംഗൻവാടിക്കും വഴിയോര വിശ്രമകേന്ദ്രത്തിനും വനിതാ ഫുഡ് കോർട്ടിനും പ്രിയങ്ക ഗാന്ധി തറക്കല്ലിട്ടു.

എടവക ഗ്രാമപഞ്ചായത്തിലെ വീര ജവാൻ തലച്ചിറ ജനീഷ് സ്മൃതിമണ്ഡപവും അവർ ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് വടക്കനാട് അമ്പത് ഏക്കർ കാട്ടുനായ്ക്ക ഉന്നതിയിലെ കൾച്ചറൽ സെന്ററും, വൈകിട്ട് മുക്കം മണാശേരി MAMO കോളജിന്റെ പുതിയ ഗ്രൗണ്ടും MP ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 840 രൂപ കൂടി 66,720 രൂപയായി. ഗ്രാമിന് 8,340 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ കോഴിക്കോട് ജില്ലാതല പ്രഖ്യാപനം ഏപ്രിൽ അഞ്ചിന് നടത്തുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി പറഞ്ഞു. മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ ജില്ലാതല നിർവഹണ സമിതി യോഗത്തിലാണ് തീരുമാനം. മാലിന്യ സംസ്കരണ മേഖലയിൽ മികച്ച പ്രകടനം കാഴ്ച വെച്ച വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരെ ചടങ്ങിൽ അനുമോദിക്കും.

✪✪✪

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഹോസ്റ്റൽ കാന്റീനുകളിൽ പരിശോധന ഊർജ്ജിതമാക്കുമെന്ന് ജില്ല കലക്ടർ സ്നേഹിൽ കുമാർ സിംഗ് പറഞ്ഞു. ഭക്ഷ്യ വിഷബാധ വിവരങ്ങൾ ഭക്ഷ്യസുരക്ഷ വകുപ്പും ജില്ലാ ആരോഗ്യ വിഭാഗവും പരസ്പരം കൈമാറുമെന്നും ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ ജില്ലാതല ഉപദേശക സമിതി യോഗത്തിൽ കലക്ടർ പറഞ്ഞു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*News Team:അനിൽ ചന്ദ്രൻ , രജിന കെ*
*DEO: സുബോധ് സി കെ*